# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2459 — 08/03/2017 ൽ മറുപടിക്ക്

## ആസ്ട്രൽ വാച്ച് കമ്പനി

| | ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|---|---|
| | **ചോദ്യം** | | **മറുപടി** |
| (എ) | കാസർകോട് ബീച്ച് റോഡിൽ പ്രവർത്തിച്ചിരുന്ന ആസ്ട്രൽ വാച്ച് കമ്പനി എപ്പോഴാണ് പൂട്ടിയത്; | (എ) | ആസ്ട്രൽ വാച്ച് കമ്പനി 2002 മുതൽ പ്രവർത്തനരഹിതമാണ്. |
| (ബി) | ഈ കമ്പനി പൂട്ടാനുള്ള സാഹചര്യമെന്തായിരുന്നു; | (ബി) | ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസിനു വേണ്ടി വാച്ച് അസംബിൾ ചെയ്യുന്ന യൂണിറ്റായിട്ടാണ് ആസ്ട്രൽ വാച്ചസ് പ്രവർത്തിച്ചിരുന്നത്. ആസ്ട്രൽ വാച്ചസിന്റെ പോഷക യൂണിറ്റ് (Feeder) ആയ ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ് പൂട്ടിയതു മൂലമാണ് ആസ്ട്രൽ വാച്ചസ് പൂട്ടിയത്. |
| (സി) | ഈ കമ്പനി പൂട്ടുമ്പോൾ എത്ര തൊഴിലാളികളാണ് നിലവിലുണ്ടായിരുന്നത്; | (സി) | കമ്പനി പൂട്ടുമ്പോൾ 102 തൊഴിലാളികളാണ് നിലവിലുണ്ടായിരുന്നത്.<br>അന്ന് നിലവിലുണ്ടായിരുന്ന സ്വയം വിരമിക്കൽ പദ്ധതി പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | ഈ തൊഴിലാളികൾക്ക് ശമ്പളത്തിലും ആനുകൂല്യത്തിലും കുടിശ്ശിക നൽകാനുണ്ടായിരുന്നോ; എങ്കിൽ പ്രസ്തുത കുടിശ്ശിക കൊടുത്ത് തീർത്തോ എന്ന് വ്യക്തമാക്കാമോ; | (ഡി) | കമ്പനി പൂട്ടുമ്പോൾ ജീവനക്കാർക്കെല്ലാം അന്ന് നിലവിലുണ്ടായിരുന്ന സ്വയം വിരമിക്കൽ പദ്ധതി പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും നൽകി പിരിഞ്ഞു പോയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഈ തൊഴിലാളികളെ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ മാറ്റി നിയമിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ഇ) | ഇല്ല. |
| (എഫ്) | ആസ്റ്റൽ വാച്ച് കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥലവും കെട്ടിടവും മറ്റേതെങ്കിലും വ്യവസായം തുടങ്ങാൻ ഉപയോഗിക്കുന്നതിന് വേണ്ടി സർക്കാരിന് ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ? | (എഫ്) | ഇക്കാര്യം സർക്കാരിന്റെ ആലോചനയിലുണ്ട്. |

സെക്ഷൻ ഓഫീസർ